"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ്, ശ്രീ.അനസ്. പി.എസ്. ന്റെ അനധികൃത ഹാജരില്ലായ്മ നോൺ-ഡ്യൂട്ടിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.**345/2024/AGRI** തീയതി,തിരുവനന്തപുരം, **08-04-2024**

---

പരാമർശം:-

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ **03/09/2021** ലെ **ADFW/2616/2020-SE1** നമ്പർ നടപടിക്രമം
2. എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ **20/09/2021** ലെ ഇ(**2**)**4406/2015** നമ്പർ കത്ത്
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ **14/09/2022** ലെ **ADFW/2616/2020-SE1** നമ്പർ നടപടിക്രമം
4' കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ **24/01/2023** ലെ **ADFW/2616/2020-SE1** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ എറണാകുളം തൃക്കാക്കര കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റായിരുന്ന ശ്രീ. അനസ്. പി എസ് **21/03/2015** മുതൽ മൂന്ന് മാസത്തേയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയടിസ്ഥാനത്തിലും തുടർന്ന് **5** വർഷത്തേയ്ക്കും അവധിക്ക് അപേക്ഷിക്കുകയും എന്നാൽ അവധി അനുവദിക്കുന്നതിന് മുന്നേ അവധിയിൽ പ്രവേശിച്ച് അനധികൃതഹാജരില്ലായ്മയിൽ തുടരുകയും തുടർന്ന് ടി കാലഘട്ടം, ശൂന്യവേതനാവധിയായി കണക്കാക്കി തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് അനുമതിയ്ക്കായി അപേക്ഷ സമർപ്പിക്കുകയും ശ്രീ. അനസ്, അവധി അനുവദിയ്ക്കാതെ ദീർഘകാല അവധിയിൽ തുടർന്നത് ഗുരുതരമായ സർവ്വീസ് ചട്ടലംഘനമായതിനാൽ ടിയാൾക്കെതിരെയുള്ള അച്ചടക്കനടപടി നിലനിർത്തിക്കൊണ്ട് എറണാകുളം ജില്ലയിലെ കൊടുവള്ളി കൃഷി ഭവനിൽ നിയമിച്ചുകൊണ്ട് പരാമർശം (**1**) പ്രകാരം ഡയറക്ടർ ഉത്തരവാകുകയും ചെയ്തിരുന്നു. ടിയാൻ **07/09/2021-FN** ന് കൊടുവള്ളി കൃഷി ഭവനിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് പരാമർശം (**2**) പ്രകാരം എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**2.** ശ്രീ അനസ്.പി.എസ്, കൃഷി അസിസ്റ്റന്റിനെതിരായ അച്ചടക്കനടപടി സ്വീകരിക്കുന്നതിനായി ഡയറക്ടർ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും ആയതിന് ടിയാൻ പ്രതിവാദപത്രിക സമർപ്പിയ്ക്കുകയും ടിയാളെ **27/06/2022**-ന് ഡയറക്ടർ നേരിൽ കേൾക്കുകയും ശ്രീ. അനസ്. പി -യുടെ അപേക്ഷയും

കുടുംബസാഹചര്യവും അനുഭാവപൂർവ്വം പരിഗണിച്ചുകൊണ്ട് ശ്രീ.അനസ്, കൃഷി അസിസ്റ്റന്റിന്റെ ഭാഗത്തുനിന്നും മേലിൽ ഇത്തരം പ്രവർത്തികൾ ആവർത്തിക്കരുതെന്ന് കർശന താക്കീത് **(CENSURE)** നൽകിക്കൊണ്ട് ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ചുകൊണ്ടും, ടിയാൻ അനധികൃതമായി ഹാജരാകാതിരുന്ന കാലയളവ് യാതൊരുവിധ സേവന ആനുകൂല്യങ്ങൾക്കും' പരിഗണിക്കാത്ത ശൂന്യവേതനാവധിയായി ക്രമീകരിച്ചുകൊണ്ടും പരാമർശം (3) പ്രകാരം ഡയറക്ടർ ഉത്തരവായിരുന്നു. ആയതുപ്രകാരം ടിയാൻ 21/03/2015 മുതൽ 07/09/2021 വരെയുള്ള അനധികൃതഹാജരില്ലായ്മ ക്രമീകരിക്കുന്നതിനായി ടി കാലയളവ് ശൂന്യവേതനാവധിയായി അനുവദിക്കുന്നതിനായി സമർപ്പിച്ച അവധി അപേക്ഷ പരാമർശം (4) കത്ത് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിലേക്ക് സമർപ്പിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷി അസിസ്റ്റന്റായ അനസ്.പി.എസ് -ന് എതിരെയുള്ള അച്ചടക്ക നടപടികൾ പൂർത്തിയായ സാഹചര്യത്തിലും, ടിയാൻ 07/09/2021- ന് കൊടുവള്ളി കൃഷി ഭവനിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതിനാലും സർവ്വീസ് ബ്രേക്ക് ഒഴിവാക്കുവാനായി ടിയാന്റെ അനധികൃത ഹാജരില്ലായ്മ കാലയളവായ 21/03/2015 മുതൽ 06/09/2021 വരെ നോൺ-ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീ. അനസ്. പി.എസ് (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( **AGRI-EA2/189/2022-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ